"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - മലപ്പുറം ഒഴുകൂർ ക്രസന്റ് എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.ടി (മലയാളം) ശ്രീമതി ആർ.എസ്.ഗംഗക്ക് പ്രത്യേക അവശതാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.2309/2022/GEDN തീയതി,തിരുവനന്തപുരം, 07-04-2022

---

പരാമർശം:-

1. മലപ്പുറം ഒഴുകൂർ ക്രസന്റ് എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.ടി (മലയാളം) ശ്രീമതി ആർ.എസ്.ഗംഗ സമർപ്പിച്ച 6.12.2021-ലെ അവധി അപേക്ഷ.
2. മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 6.1.2022-ലെ ബി3/5905/2021 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ഒഴുകൂർ ക്രസന്റ് എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.ടി (മലയാളം) ശ്രീമതി ആർ.എസ്. ഗംഗ 4.12.2021-ൽ കുട്ടികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യവേ സ്റ്റെപ്പിൽ നിന്നും കാൽ വഴുതി താഴെ വീഴുകയും, എഴുന്നേൽക്കാൻ കഴിയാത്ത അവസ്ഥയായതിനാൽ ഉടൻ തന്നെ ആശുപത്രിയിൽ എത്തിക്കുകയും, പരിശോധനയിൽ വലതു കാൽപാദത്തിന് പൊട്ടൽ സംഭവിച്ചതിനാൽ പ്ലാസ്റ്ററിടുകയും, കുറഞ്ഞത് 6 ആഴ്ച വിശ്രമം ഡോക്ടർ നിർദ്ദേശിക്കുകയുമുണ്ടായതിന്റെ അടിസ്ഥാനത്തിൽ 6.12.2021 മുതൽ 15.1.2022 വരെയുള്ള 41 ദിവസത്തെ അവശതാവധി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരമുള്ള അപേക്ഷയും അനുബന്ധങ്ങളും മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ഒഴുകൂർ ക്രസന്റ് എച്ച്.എസ്.എസ്-ലെ എച്ച്.എസ്.ടി (മലയാളം) ശ്രീമതി ആർ.എസ്. ഗംഗക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ സംഭവിച്ച അപകടത്തെ തുടർന്ന് 6.12.2021 മുതൽ 15.1.2022 വരെ കെ.എസ്.ആർ., ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SATHEESH KUMAR.C
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മലപ്പുറം.
ശ്രീമതി ഗംഗ ആർ.എസ്, എച്ച്.എസ്.ടി (മലയാളം), ക്രസന്റ് എച്ച്.എസ്.എസ്., ഒഴുകൂർ, മലപ്പുറം.

പ്രധാനാധ്യാപകൻ, ക്രസന്റ് എച്ച്.എസ്.എസ്., ഒഴുകൂർ, മലപ്പുറം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (31.3.2021-ലെ EdnA2/26/2022/Fin റിമാർക്സ് പ്രകാരം)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ